ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കന്യാസ്ത്രീകളെ ആക്രമിച്ചതായ ഒരു സംഭവവും ക്രിസ്ത്യൻ പുരോഹിതനെ ആക്രമിച്ചതായ ഒരു സംഭവവും സംസ്ഥാനത്ത് ഉണ്ടായിട്ടുണ്ട്. കന്യാസ്ത്രീകളെ ആക്രമിച്ചത് സംബന്ധിച്ച് താഴെ ചേർത്തിരിക്കുന്ന മൂന്നു കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(1) ക്രൈം നമ്പർ 410/സി.ആർ./04, യു./എസ്. 143, 147, 148, 153 (എ) 307, 354 ആർ./ഡബ്ല്യു. 149 ഐ. പി. സി. (നല്ലളം പി. എസ്. ക്രൈം. 279/04).

(2) ക്രൈം നമ്പർ 411/സി.ആർ./04, യു./എസ്. 143, 147, 148, 153 (എ) 307, 354, 427 ആർ./ഡബ്ല്യു. 149 ഐ. പി. സി. (നല്ലളം പി. എസ്. ക്രൈം. 280/04).

(3) ക്രൈം നമ്പർ 412/സി.ആർ./04, യു./എസ്. 341, 353, 506 (1) ആർ./ഡബ്ല്യു. 149 ഐ. പി. സി.

പുരോഹിതനെ ആക്രമിച്ചതുമായി ബന്ധപ്പെട്ട് തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുടെ കീഴിലുള്ള പേരൂർക്കട പോലീസ് സ്റ്റേഷനിൽ ക്രൈം 467/04 ആയി ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി)	ക്രൈം നമ്പർ 410/സി. ആർ./04	..	5 പേർ
	ക്രൈം നമ്പർ 411/സി. ആർ./04	..	14 പേർ
	ക്രൈം നമ്പർ 412/സി. ആർ./04	..	(കേസ് ക്ലബ്ഡ് ഇൻ ക്രൈം നമ്പർ 411/സി. ആർ./04)
	ക്രൈം നമ്പർ 467/04	..	2 പേർ

(സി) ക്രൈം നമ്പർ 411/ സി. ആർ./04-ൽ മൂന്നുപേരെ അറസ്റ്റ് ചെയ്യാനുണ്ട്. ഇതിൽ ഒരു പ്രതി കോടതിയിൽ സറണ്ടർ ചെയ്തു. രണ്ടുപേർ ഒളിവിലാണ്.

(ഡി) ഇല്ല.

(ഇ) കേസുകൾ അന്വേഷണാവസ്ഥയിലാണ്.

(എഫ്) ഇത്തരം കേസുകൾ ലോക്കൽ പോലീസിന്റെ ഊർജ്ജിതമായ അന്വേഷണം നടത്തിയും അത്തരം അന്വേഷണം തൃപ്തികരമല്ലായെന്ന് കണ്ടാൽ ഉചിതമായ മറ്റ് ഏജൻസികളെക്കൊണ്ട് അന്വേഷിപ്പിച്ചും കർശനമായ നടപടി സ്വീകരിക്കുന്നതാണ്.

രജിസ്റ്റർചെയ്ത പെൺവാണിഭക്കേസുകൾ

44 [48] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 മേയ് മാസം മുതൽ നാളിതുവരെ സംസ്ഥാനത്ത് എത്ര പെൺവാണിഭ കേസുകൾ രജിസ്റ്റർ ചെയ്യുകയുണ്ടായിട്ടുണ്ടെന്നും ഓരോ കേസും ഏത് പോലീസ് സ്റ്റേഷനിൽ എപ്പോഴാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഏതെങ്കിലും പെൺവാണിഭകേസ് അന്വേഷിക്കാൻ പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ചിട്ടുണ്ടോയെന്നും ഏത് കേസിനുവേണ്ടിയാണെന്നും വ്യക്തമാക്കുമോ;

(സി) കിളിരൂർ, കവിയൂർ ലൈംഗീക പീഡനകേസുകളിൽ എത്രപേരെ പ്രതികളാക്കിയാണ് കേസെടുത്തിട്ടുള്ളതെന്നും ഏതു ക്രൈം നമ്പർ പ്രകാരം ഏതു പോലീസ് സ്റ്റേഷനിലാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(ഡി) ഈ രണ്ടു കേസുകളിലും ഏതെല്ലാം പ്രതികളെ അറസ്റ്റുചെയ്തിട്ടുണ്ടെന്നും കോടതിയിൽ ഹാജരാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ഇ) ഈ രണ്ടുകേസുകളുടേയും അന്വേഷണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(എഫ്) കിളിരൂർ കേസിലെ മുഖ്യ സാക്ഷിയായ പെൺകുട്ടിയുടെ മരണത്തിനിടയായ സാഹചര്യങ്ങൾ കേസന്വേഷണത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ജി) ഇല്ലെങ്കിൽ അതിനിടയായ സാഹചര്യങ്ങളെക്കുറിച്ചുകൂടി വിശദമായ അന്വേഷണം നടത്തുവാനും മരണത്തിനുത്തരവാദികളായവരുടെ പേരിൽ കൊലപാതക കുറ്റത്തിന് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുവാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 49 കേസുകൾ. വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ബി) ഉണ്ട്. കുമരകം പി. എസ്. ക്രൈം. 188/04 എറണാകുളം റേഞ്ച് ഡി. ഐ. ജി.-യുടെ മേൽനോട്ടത്തിൽ പ്രത്യേക സ്കാഡ് രൂപീകരിച്ച് അന്വേഷണം നടത്തിവരുന്നു. കുമരകം പി. എസ്. ക്രൈം 188/04, തിരുവല്ല പി. എസ്. ക്രൈം 663/04 എന്നീ കേസുകൾ സി. ബി. ഐ. ഏറ്റെടുത്തിട്ടുണ്ട്.

(സി) കിളിരൂർ കേസിനെ സംബന്ധിച്ച് കുമരകം പി. എസ്. ക്രൈം. 188/04 ആയി രജിസ്റ്റർ ചെയ്ത കേസിൽ ഓമനക്കുട്ടി, പ്രവീൺ, മനോജ്, ലതാനായർ എന്നിവരെ പ്രതിചേർത്ത് അന്വേഷണം നടത്തി. കൂടുതൽ പ്രതികൾ ഉള്ളതായി വെളിവായിട്ടുണ്ട്.

കവിയൂർ കൂട്ട ആത്മഹത്യ സംബന്ധിച്ച് തിരുവല്ല പി. എസ്. ക്രൈം 663/04 ആയി 1. ലതാനായർ 2. സോശേഖൻ പിള്ള (മരണപ്പെട്ടു) 3. രഘു 4. പ്രഭാകരൻ നായർ 5. സുഭാഷ് 6. ഗിരീഷ് കുമാർ 7. നാരായണൻ നമ്പൂതിരി (മരണപ്പെട്ടു) എന്നിവരുടെ പേരിൽ കേസ് രജിസ്റ്റർ ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കിളിരൂർ കേസിൽ പ്രതികളായ ഓമനക്കുട്ടി, പ്രവീൺ, മനോജ്, ലതാ നായർ, മനോജ്, കൊച്ചുമോൻ, പ്രശാന്ത്, സോമൻ, ലത്തീഫ് (കളക്ടർ ലത്തീഫ്), ദേവദാസ് എന്നിവരെ അറസ്റ്റ് ചെയ്തു.

കവിയൂർ കേസിൽ ഒന്നും, മൂന്നും, അഞ്ചും, ആറും പ്രതികൾ കോടതി യിൽനിന്നും ജാമ്യം എടുത്തു. നാലാംപ്രതി ഒളിവിലാണ്. രണ്ട് പ്രതികൾ മരണപ്പെട്ടു.

(ഇ) ഈ കേസുകൾ സി. ബി. ഐ. ഏറ്റെടുത്തിട്ടുണ്ട്.

(എഫ് ആന്റ് ജി) ഉൾപ്പെടുത്തിയിട്ടുണ്ട്.

ക്രൈംബ്രാഞ്ച് അന്വേഷണം

45 [50] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) കലയ്ക്കോട് മൈനറായ പെൺകുട്ടിയെ അനാശാസ്യ നടപടിക്ക് വിധേയ മാക്കിയത് സംബന്ധിച്ചുള്ള ലോക്കൽ പോലീസ് അന്വേഷണം ഏത് ഘട്ടം വരെയായി;

(ബി) പ്രസ്തുത കേസ് ക്രൈംബ്രാഞ്ചിനെക്കൊണ്ട് അന്വേഷിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കലയ്ക്കോട് മൈനറായ പെൺകുട്ടിയെ അനാശാസ്യ നടപടിക്ക് വിധേയ മാക്കിയത് സംബന്ധിച്ച് 12-10-2004-ൽ ക്രൈം 364/04 നമ്പരിൽ പരവൂർ പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്ത് കൊല്ലം ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് അന്വേഷണം നടത്തി '5' പ്രതികളെ അറസ്റ്റ് ചെയ്തിട്ടുള്ളതും ഇനി '2' പ്രതികളെ കൂടി അറസ്റ്റ് ചെയ്ത് ബഹു. കോടതി മുമ്പാകെ ചാർജ് സമർപ്പിക്കേണ്ടതുമാണ്.

(ബി) പരിഗണിച്ചിട്ടില്ല.

പെൺവാണിഭക്കേസുകളിലെ അന്വേഷണ നടപടി

46 [51] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് പെൺവാണിഭക്കേസുകളും സ്ത്രീപീഡനക്കേസുകളും വർദ്ധിച്ചുവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത കേസുകൾ കൈകാര്യം ചെയ്യുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) പെൺവാണിഭക്കേസുകളിലെ പ്രതികളെ അറസ്റ്റുചെയ്യുന്നതിനും അന്വേ ഷണം പൂർത്തിയാക്കി കോടതികളിൽ കുറ്റപത്രം സമർപ്പിക്കുന്നതിനും കാലതാമസം നേരിടുന്നതായുള്ള പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ചോദ്യം നമ്പർ 49-ന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

LIBRARY ARCHIVES Kerala Legislative Assembly